**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1011** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ ബാഗുകളുടെ ഭാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ സ്കൂൾ ബാഗുകളുടെ ഭാരം കുട്ടികളുടെ ശരീരഭാരത്തിന്റെ നിശ്ചിത ശതമാനത്തിലും കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതുമൂലം കുട്ടികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തെ കുറിച്ച് പഠിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ ബാഗ് പോളിസി കണക്കിലെടുത്തുകൊണ്ടു സംസ്ഥാനത്തു വിദ്യാർഥികളുടെ സ്കൂൾ ബാഗ് ഭാരം കുറയ്ക്കുന്നതിന് SCERT-യുടെ തലത്തിൽ വിശദപഠനം നടത്തി തയ്യാറാക്കിയിരിക്കുന്ന കരട് മാർഗനിർദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

**(ബി)** കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ ബാഗ് പോളിസി പ്രകാരം ഭാര ക്രമീകരണം സംസ്ഥാനത്തെ എയ്ഡഡ്, അൺ-എയ്ഡഡ്, സി.ബി.എസ്.ഇ. ഉൾപ്പെടെയുള്ള എല്ലാ വിദ്യാലയങ്ങളിലും പൂർണ്ണമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം പരിശോധനാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ ബാഗ് പോളിസി കണക്കിലെടുത്തുകൊണ്ടു സംസ്ഥാനത്തു വിദ്യാർഥികളുടെ സ്കൂൾ ബാഗ് ഭാരം കുറയ്ക്കുന്നതിന് SCERT-യുടെ തലത്തിൽ വിശദപഠനം നടത്തി തയ്യാറാക്കിയിരിക്കുന്ന കരട് മാർഗനിർദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

**(സി)** എല്ലാ വിഷയങ്ങളിലേയും ഓരോ മാസവും എടുക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തി പ്രതിമാസ പുസ്തകങ്ങളായി തിരിക്കുകയും 200 പേജിനു പകരം 80 പേജിന്റെ നോട്ടുപുസ്തകങ്ങളാക്കുകയും ചെയ്താൽ ബാഗിന്റെ ഭാരം കുറയ്ക്കാൻ കഴിയുമെന്നിരിക്കെ പാഠപുസ്തകത്തിന്റെ പ്രിന്റിംഗ് രീതി ഇത്തരത്തിൽ പരിഷ്കരിച്ച് എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിൽ സമഗ്രമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ;

**<u>മറുപടി:</u>** കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ ബാഗ് പോളിസി കണക്കിലെടുത്തുകൊണ്ടു സംസ്ഥാനത്തു വിദ്യാർഥികളുടെ സ്കൂൾ ബാഗ് ഭാരം കുറയ്ക്കുന്നതിന് SCERT-യുടെ തലത്തിൽ

വിശദപഠനം നടത്തി തയ്യാറാക്കിയിരിക്കുന്ന കരട് മാർഗനിർദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

**(ഡി)** ബാഗുകളുടെ ഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ഓരോ കുട്ടിക്കും പുസ്തകങ്ങൾ സൂക്ഷിച്ചുവെക്കാൻ ലോക്കർ സൗകര്യം ഒരുക്കുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ ഇ-ടെക്സ്റ്റ് ബുക്കുകൾ പ്രയോജനപ്പെടുത്തുന്നതിനും പദ്ധതി നടപ്പിലാക്കുമോ;

**<u>മറുപടി:</u>** കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ ബാഗ് പോളിസി കണക്കിലെടുത്തുകൊണ്ടു സംസ്ഥാനത്തു വിദ്യാർഥികളുടെ സ്കൂൾ ബാഗ് ഭാരം കുറയ്ക്കുന്നതിന് SCERT-യുടെ തലത്തിൽ വിശദപഠനം നടത്തി തയ്യാറാക്കിയിരിക്കുന്ന കരട് മാർഗനിർദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

**(ഇ)** ക്ലാസ് മുറികളിലെ പരമ്പരാഗത പഠന രീതിക്കൊപ്പം കുട്ടികൾക്ക് സ്വന്തമായി ഉപയോഗിക്കാവുന്ന ടാബ്ലെറ്റുകൾ, ലൈറ്റ്-വെയിറ്റ് സ്മാർട്ട് ഉപകരണങ്ങൾ, ഓഡിയോ-വിഷ്വൽ ലേണിംഗ് ടൂളുകൾ എന്നിവ നൽകിക്കൊണ്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും സ്മാർട്ട് ലേണിംഗ് സിസ്റ്റത്തിലേക്ക് മാറ്റുന്നതിന് എന്തെല്ലാം ആധുനിക നയങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്കൂൾ ബാഗ് പോളിസി കണക്കിലെടുത്തുകൊണ്ടു സംസ്ഥാനത്തു വിദ്യാർഥികളുടെ സ്കൂൾ ബാഗ് ഭാരം കുറയ്ക്കുന്നതിന് SCERT-യുടെ തലത്തിൽ വിശദപഠനം നടത്തി തയ്യാറാക്കിയിരിക്കുന്ന കരട് മാർഗനിർദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**